## I. പത്രൊസിന്റെ ലേഖനങ്ങളുടെ വിഷയം ദൈവത്തിന്റെ ന്യായവിധിയോടുകൂടിയ അവന്റെ ഭരണമാണ്

- യുഗങ്ങളുടനീളം ദൈവം തന്റെ ന്യായവിധിയിലൂടെ ഭരിക്കുന്നു: ①ദൈവത്തിന്റെ ന്യായവിധി ദൂതന്മാരിൽനിന്ന് തുടങ്ങുകയും പഴയനിയമത്തിലുള്ള മനുഷ്യരുടെ തലമുറകളിലൂടെ കടന്നുപോകുകയും ചെയ്തു; ② പുതിയനിയമ യുഗത്തിൽ അത് ദൈവഭവനത്തിൽ നിന്ന് ആരംഭിക്കുകയും സഹസ്രാബ്ദത്തിനുമുമ്പ് യെഹൂദന്മാർക്കും, വിശ്വാസികൾക്കും, ജാതികൾക്കും മേലുള്ള ന്യായവിധിയുടെ ദിവസമായ കർത്താവിന്റെ ദിവസം വരുന്നതുവരെ തുടരുകയും ചെയ്യുന്നു; ③സഹസ്രാബ്ദത്തിനുശേഷം, മനുഷ്യരും ഭൂതങ്ങളും ഉൾപ്പെടെ എല്ലാ മരിച്ചവരും ന്യായംവിധിക്കപ്പെടുകയും നശിച്ചുപോകുകയും, ആകാശവും ഭൂമിയും തീയാൽ വെന്തുപോകുകയും ചെയ്യും. വിവിധ ന്യായവിധികളുടെ ഫലങ്ങൾ ഒന്നുതന്നെയല്ല; ചില ന്യായവിധികൾ ശിക്ഷണപരമായ ഇടപെടലിലും, ചിലത് യുഗപരമായ ശിക്ഷയിലും, ചിലത് നിത്യനാശത്തിലും കലാശിക്കുന്നു. എന്നിരുന്നാലും, ഈ എല്ലാ ന്യായവിധികളിലൂടെയും കർത്താവായ ദൈവം തന്റെ പ്രസാദത്തിനായി തന്റെ നീതിയാൽ നിറഞ്ഞ ഒരു പുതിയ പ്രപഞ്ചത്തിനുവേണ്ടി പുതിയ ആകാശവും പുതിയ ഭൂമിയും തനിക്കുണ്ടായിരിക്കേണ്ടതിന് മുഴുവൻ പ്രപഞ്ചത്തെയും അവൻ വെടിപ്പാക്കുകയും ശുദ്ധീകരിക്കുകയും ചെയ്യും. ദൈവത്തിന്റെ ഭരണപരമായ ന്യായവിധിയെ ദാനീയേലിന്റെ പുസ്തകത്തിലും കാണാം, നെബൂഖദ്നേസറിന്റെ അവന്റെ പിൻതുടർച്ചക്കാരനായ ബേൽശസ്സരിന്റെയും ദൈവമുമ്പാകെയുള്ള ധിക്കാരം ദൈവത്തിന്റെ വിശുദ്ധിക്ക് ഒരു അപമാനമായിരുന്നു. അങ്ങനെ, പത്രൊസ് നമ്മോട് പറയുന്നു, നമ്മുടെ പരദേശവാസകാലം ഭയത്തോടെ കഴിക്കുവാൻ. കർത്താവിനെ ഭയപ്പെടുകയെന്നാൽ അവനെ ബഹുമാനിക്കുകയും സകലത്തിലും അവനെ ആദരിക്കുകയും ചെയ്യുക എന്നാണ്; കർത്താവിനെ ഭയപ്പെടുന്നത് തിന്മ ചെയ്യുന്നതിൽനിന്നും നമ്മെ തടയുന്നു; അത് മറ്റുള്ളവരുടെ കഷ്ടങ്ങളാൽ നാം സ്പർശിക്കപ്പെടുവാനും അവരോട് കരുണയും മനസ്സലിവും കാണിക്കുവാനും നമ്മെ ഇടയാക്കുന്നു [2 Pet. 3:12] ആകാശം തീയാൽ അലിഞ്ഞുപോകുവാനും, മൂലപദാർഥങ്ങൾ കൊടും ചൂടിനാൽ വെന്ത് ഉരുകിപ്പോകുവാനുമിരിക്കുന്നതു നിമിത്തം, ദൈവത്തിന്റെ നാളിൻ വരവ് പ്രതീക്ഷിച്ചും ത്വരിതപ്പെടുത്തിയുംകൊണ്ട്, നിങ്ങൾ വിശുദ്ധ നടപ്പിലും ദൈവികതയിലും എത്തരത്തിലുള്ള വ്യക്തികളായിരിക്കണം? [2 Pet. 3:13] എന്നാൽ നാം അവന്റെ വാഗ്ദത്തപ്രകാരം നീതി വസിക്കുന്ന, പുതിയ ആകാശവും പുതിയ ഭൂമിയും പ്രതീക്ഷിക്കുന്നു. [1 Pet. 1:17] മുഖപക്ഷം കൂടാതെ ഓരോരുത്തന്റെ പ്രവൃത്തിക്കൊത്തവണ്ണം ന്യായം വിധിക്കുന്നവനെ നിങ്ങൾ പിതാവ് എന്ന് വിളിക്കുന്നു എങ്കിൽ, നിങ്ങളുടെ പരദേശവാസകാലം ഭയത്തോടെ കഴിക്കുവിൻ. [Psa. 86:11] യഹോവേ, നിന്റെ വഴി എനിക്കു കാണിച്ചുതരേണമേ; എന്നാൽ ഞാൻ നിന്റെ സത്യത്തിൽ നടക്കും; നിന്റെ നാമത്തെ ഭയപ്പെടുവാൻ എന്റെ ഹൃദയത്തെ ഏകാഗ്രമാക്കേണമേ. [Isa. 43:7] എന്റെ നാമത്തിൽ വിളിച്ചും എന്റെ മഹത്വത്തിന്നായി സൃഷ്ടിച്ചു നിർമ്മിച്ചു ഉണ്ടാക്കിയും ഇരിക്കുന്ന ഏവരെയും കൊണ്ടുവരിക എന്നു ഞാൻ കല്പിക്കും.

## II. 1-ഉം 2-ഉം പത്രൊസിന്റെ വിഷയം ദൈവത്തിന്റെ ഭരണമാണെങ്കിലും, ഈ ലേഖനങ്ങളുടെ കേന്ദ്രീയ ദൃഷ്ടികേന്ദ്രവും അടിസ്ഥാന ഘടനയും ഇതല്ല; ദൈവത്തിന്റെ ഭരണത്തെ സംബന്ധിച്ച സകലവും ഈ ലേഖനങ്ങളുടെ കേന്ദ്രബിന്ദുവിലേക്കും അടിസ്ഥാന ഘടനയിലേക്കും—ദൈവത്തിന്റെ വ്യവസ്ഥ നിർവഹിക്കുന്നതിനുള്ള നമ്മുടെ പൂർണ്ണ ആസ്വാദനമായ ത്രിയേക ദൈവത്തിലേക്ക്—നമ്മെ മടക്കിക്കൊണ്ടുവരണം

- 1-ഉം 2-ഉം പത്രൊസിന്റെ കേന്ദ്രീയ ദൃഷ്ടികേന്ദ്രവും അടിസ്ഥാന ഘടനയും, അവന്റെ വ്യവസ്ഥയിൽ വ്യാപരിക്കുന്ന ഊർജം പകരുന്നവനായ ത്രിയേക ദൈവമാണ്: ①തന്റെ തിരഞ്ഞെടുക്കപ്പെട്ടവരെ ത്രിയേക ദൈവത്തിന്റെ പൂർണ്ണ ആസ്വാദനത്തിലേക്ക് കൊണ്ടുവരുന്നതിനായി ഹൃദയത്തിന്റെ മറഞ്ഞിരിക്കുന്ന മനുഷ്യനായ നമ്മുടെ മനുഷ്യാത്മാവും തേജസ്സിന്റെ ആത്മാവും ക്രിസ്തുവിന്റെ ആത്മാവുമായ ദൈവത്തിന്റെ ആത്മാവും നമ്മുടെ ഓഹരിയെന്ന നിലയിൽ അവന്റെ ദിവ്യ പ്രകൃതത്തിൽ ദൈവത്തിൽനിന്ന് പങ്കുകൊള്ളുവാനുള്ള മുഖാന്തരങ്ങളാണ്; ②ത്രിയേക ദൈവത്തിന് ഒരു വാസസ്ഥലം ഉണ്ടായിരിക്കുകയും അവനെ ആവിഷ്കരിക്കുവാൻ നാം തേജസ്കരിക്കപ്പെടുകയും ചെയ്യേണ്ടതിന് നാം വീണ്ടുംജനിക്കുകയും, നാം അവന്റെ വചനം ഭക്ഷിക്കുകയും, നാം വളരുകയും, രൂപാന്തരപ്പെടുകയും, പണിയപ്പെടുകയും ചെയ്യത്തക്കവണ്ണം അവന്റെ പൂർണ രക്ഷ നിവർത്തിക്കുവാൻ. [1 Pet. 1:11] ഏത് സമയത്ത് അഥവാ എങ്ങനെയുള്ള സമയത്ത് എന്ന് തിരഞ്ഞുകൊണ്ട് അവരിലെ ക്രിസ്തുവിന്റെ ആത്മാവ്, ക്രിസ്തുവിന്റെ കഷ്ടാനുഭവങ്ങളെയും അവയ്ക്കു ശേഷമുള്ള മഹത്വങ്ങളെയും മുൻകൂട്ടി സാക്ഷ്യപ്പെടുത്തിക്കൊണ്ട് സ്പഷ്ടമാക്കുകയായിരുന്നു. [1 Pet. 3:4] സൗമ്യവും ശാന്തവുമായ ആത്മാവെന്ന അക്ഷയമായ അലങ്കാരത്തിൽ ഹൃദയത്തിന്റെ മറഞ്ഞിരിക്കുന്ന മനുഷ്യൻ ആയിരിക്കട്ടെ, അത് ദൈവദൃഷ്ടിയിൽ വിലയേറിയതാകുന്നു.
- ആദ്യകാല അപ്പൊസ്തലന്മാരായ യോഹന്നാനും, പൗലൊസും, താനും ഒരേ നിസ്തുലമായ ശുശ്രൂഷയിൽ, പുതിയനിയമ ശുശ്രൂഷയിൽ, പങ്കുചേർന്നിരുന്നുവെന്ന് സമ്മതിക്കുന്നതിൽ പത്രൊസ് ധൈര്യമുള്ളവനായിരുന്നു. ഇങ്ങനെയുള്ള ഒരു ശുശ്രൂഷ, പിതാവിന്റെ നിത്യോദ്ദേശ്യത്തിനൊത്തവണ്ണം ത്രിയേക ദൈവത്തിന്റെ പൂർണ ആവിഷ്കാരമായ നിറവിൽ പരിണതി പ്രാപിക്കുന്ന ക്രിസ്തുവിന്റെ ശരീരമായ സഭയുടെ കെട്ടുപണിക്കുവേണ്ടി മനുഷ്യജീവിതം, ക്രൂശുമരണം, പുനരുത്ഥാനം, ആരോഹണം എന്നീ പ്രക്രിയകളിലൂടെ കടന്നുപോയശേഷം തങ്ങളുടെ നിസ്തുല ജീവ ഓഹരിയായും തങ്ങളുടെ ജീവസഹായവും സകലവുമായും തന്റെ വീണ്ടെടുക്കപ്പെട്ട ജനത്തിലേക്ക് ക്രിസ്തുവിന്റെ വീണ്ടെടുപ്പു മുഖാന്തരവും പരിശുദ്ധാത്മാവിന്റെ വ്യാപാരത്താലും അവനെത്തന്നെ പകരുന്ന ത്രിയേക ദൈവത്തിന്റെ ദേഹരൂപമായ സർവവും-ഉൾക്കൊള്ളുന്ന ക്രിസ്തുവിനെ അതിന്റെ ദൃഷ്ടികേന്ദ്രമായി ശുശ്രൂഷിക്കുന്നു. [2 Pet. 1:3-4] തന്റെ സ്വന്തം, തേജസ്സിനാലും നന്മയാലും നമ്മെ വിളിച്ചവന്റെ പൂർണ പരിജ്ഞാനത്തിലൂടെ, അവന്റെ ദിവ്യശക്തി ജീവനും ദൈവികതയും സംബന്ധിച്ച സകലവും നമുക്കു നൽകിയിരിക്കുന്നുവല്ലോ, അവയിലൂടെ അവൻ നമുക്ക് വിലയേറിയതും അതിമഹത്തരവുമായ വാഗ്ദത്തങ്ങൾ നൽകിയിരിക്കുന്നു, ഇവയാൽ നിങ്ങൾ, ലോകത്തിൽ മോഹത്താലുള്ള ദൂഷ്യത്തിൽനിന്ന് രക്ഷപ്പെട്ട്, ദിവ്യസ്വഭാവത്തിന്റെ പങ്കാളികളായിത്തീരേണ്ടതിനു തന്നെ.

**III. എട്ട് അധ്യായങ്ങൾ മാത്രം അടങ്ങുന്ന തന്റെ രണ്ട് ലേഖനങ്ങളിൽ, ലോകസ്ഥാപനത്തിനു മുമ്പുള്ള കഴിഞ്ഞകാല നിത്യത മുതൽ ഭാവികാല നിത്യതയിലെ പുതിയ ആകാശവും പുതിയ ഭൂമിയും വരെയുള്ള ദൈവത്തിന്റെ മുഴുവൻ വ്യവസ്ഥയെയും പത്രൊസ് ഉൾപ്പെടുത്തിയിരിക്കുന്നു; പ്രവാചകന്മാർ പ്രവചിച്ചതും അപ്പൊസ്തലന്മാർ പ്രസംഗിച്ചതുമായ ദൈവത്തിന്റെ വ്യവസ്ഥയോട് ബന്ധപ്പെട്ട നിർണായക കാര്യങ്ങളെ അവൻ നാലു വശങ്ങളിൽനിന്നും അനാവരണം ചെയ്യുന്നു.**

- ത്രിയേക ദൈവത്തിന്റെ വശത്തുനിന്ന്: ①പിതാവായ ദൈവം തന്റെ മുന്നറിവനൊത്തവണ്ണം നിത്യതയിൽ ഒരു ജനത്തെ തിരഞ്ഞെടുക്കുകയും അവരെ തന്റെ തേജസ്സിലേക്ക് വിളിക്കുകയും ചെയ്തു; ②ലോകസ്ഥാപനത്തിനുമുമ്പ് ദൈവത്താൽ മുന്നറിയപ്പെട്ടവനും എന്നാൽ അന്ത്യകാലങ്ങളിൽ വെളിവാക്കപ്പെട്ടവനുമായ ക്രിസ്തു ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനത്തെ തന്റെ പകരക്കാരനായുള്ള മരണത്താലും ജീവനിലുള്ള തന്റെ പുനരുത്ഥാനവും ശക്തിയിലുള്ള ആരോഹണവും മുഖാന്തരവും വീണ്ടെടുക്കുകയും രക്ഷിക്കുകയും ചെയ്തു; ③സ്വർഗത്തിൽനിന്നും അയയ്ക്കപ്പെട്ട ആത്മാവ്, ക്രിസ്തു വീണ്ടെടുക്കുകയും രക്ഷിക്കുകയും ചെയ്തവരെ വിശുദ്ധീകരിക്കുകയും നിർമലമാക്കുകയും ചെയ്തു—അവയിലേക്ക് ദൂതന്മാർ ഉറ്റുനോക്കുവാൻ വാഞ്ഛിക്കുന്നു; ④ത്രിയേക ദൈവത്തിന്റെ ദിവ്യശക്തി വീണ്ടെടുക്കപ്പെട്ടവരെ പൂർണ്ണരക്ഷയിങ്കലേക്ക് കാക്കേണ്ടതിന് ജീവനും ദൈവികതയും സംബന്ധിച്ച സകലവും നൽകിയിരിക്കുന്നു; ⑤ദൈവം അവരെ തന്റെ വിവിധമായ ചില ഭരണസംബന്ധമായ ന്യായവിധികളാൽ ശിക്ഷണവിധേയരാക്കി, തന്റെ സകല കൃപയാലും അവൻ അവരെ തികഞ്ഞവരാക്കുകയും, ഉറപ്പിക്കുകയും, ബലപ്പെടുത്തുകയും, അടിസ്ഥാനപ്പെടുത്തുകയും ചെയ്യും; ⑥അവർക്ക് എല്ലാവർക്കും രക്ഷയ്ക്കായി മാനസാന്തരപ്പെടുവാൻ അവസരം ഉണ്ടാകേണ്ടതിന് കർത്താവ് അവരോട് ദീർഘക്ഷമ ഉള്ളവനാണ്; ⑦അപ്പോൾ, ക്രിസ്തു തന്റെ പ്രണയിനികൾക്കുവേണ്ടി തന്റെ പൂർണ്ണരക്ഷയോടുകൂടെ തേജസ്സിൽ പ്രത്യക്ഷനാകും. വിശ്വാസികളുടെ വശത്തുനിന്ന്: ①ദൈവത്തിന്റെ അവകാശമായ വിശ്വാസികൾ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവരും അവന്റെ തേജസ്സിനാലും നന്മയാലും വിളിക്കപ്പെട്ടവരും, ക്രിസ്തവിനാൽ വീണ്ടെടുക്കപ്പെട്ടവരും തന്റെ ജീവനുള്ള വചനം മുഖാന്തരം ദൈവത്താൽ വീണ്ടുംജനിച്ചവരും, ക്രിസ്തുവിന്റെ പുനരുത്ഥാനം മുഖാന്തരം രക്ഷിക്കപ്പെട്ടവരും ആകുന്നു; ②അവർ ഇപ്പോൾ ദൈവത്തിന്റെ ശക്തിയാൽ കാക്കപ്പെടുകയും, അന്യോന്യം സ്നേഹിക്കുവാൻ ശുദ്ധീകരിക്കപ്പെടുകയും, വചനമെന്ന പാൽ കുടിച്ചു വളരുകയും, ജീവനിൽ ആത്മിക നന്മകൾ വികസിപ്പിക്കുകയും, ഒരു ആത്മിക ഗൃഹമായി, ദൈവത്തെ സേവിക്കുന്ന വിശുദ്ധ പുരോഹിതവർഗമായി രൂപാന്തരപ്പെടുകയും പണിയപ്പെടുകയും ചെയ്യുന്നു; ③അവർ ദൈവത്തിന്റെ നന്മകളെ ആവിഷ്കരിക്കുവാൻ അവന്റെ തിരഞ്ഞെടുക്കപ്പെട്ട ഒരു വംശവും, രാജകീയ പുരോഹിതവർഗവും, വിശുദ്ധ ജാതിയും, അവന്റെ വ്യക്തിപരമായ അവകാശത്തിനായി സ്വായത്തമാക്കപ്പെട്ട ജനവും ആകുന്നു; ④അവർക്ക് കർത്താവിന്റെ നിത്യരാജ്യത്തിലേക്കുള്ള പ്രവേശനം ധാരാളമായി പകർന്നുനൽകുന്നതിനായി അവർ അവന്റെ ഭരണപരമായ ന്യായവിധിയാൽ ശിക്ഷണമേൽക്കുകയും, അവനെ മഹത്വപ്പെടുത്തുവാൻ ഉൽകൃഷ്ടമായ രീതിയിലും ദൈവികതയിലും ഒരു വിശുദ്ധ ജീവിതം നയിക്കുകയും, ക്രിസ്തുവിലൂടെ ദൈവം മഹിമപ്പെടേണ്ടതിന് ബഹുവിധമായ ദൈവകൃപയുടെ നല്ല കാര്യവിചാരകന്മാരായി—മൂപ്പന്മാരുടെ മാതൃകാപരമായ മേയ്പിൻ കീഴിൽ—ശുശ്രൂഷിക്കുകയും, കർത്താവിന്റെ വരവിനെ പ്രതീക്ഷിക്കുകയും ത്വരിതപ്പെടുത്തുകയും ചെയ്യുന്നു; ⑤കൂടാതെ, അവർ നിത്യതയിൽ നീതി വസിക്കുന്ന പുതിയ ആകാശത്തെയും പുതിയ ഭൂമിയെയും പ്രതീക്ഷിക്കുകയും, നമ്മുടെ കർത്താവും രക്ഷകനുമായ യേശു ക്രിസ്തുവിന്റെ കൃപയിലും പരിജ്ഞാനത്തിലും നിരന്തരം വളർന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. സാത്താന്റെ വശത്തുനിന്ന്—പിശാചായ സാത്താൻ വിശ്വാസികളുടെ എതിരാളിയാണ്, അവൻ അലറുന്ന സിംഹം എന്നപോലെ ആരെ വിഴുങ്ങേണം എന്ന് അന്വേഷിക്കുന്നു. പ്രപഞ്ചത്തിന്റെ വശത്തുനിന്ന്: ①വീണുപോയ ദൂതന്മാർ ശിക്ഷവിധിക്കപ്പെട്ടവരാണ്, അവർ നിത്യ ന്യായവിധി കാത്തിരിക്കുന്നു; പുരാതനമായ ഭക്തികെട്ട ലോകം ഒരു ജലപ്രളയത്താൽ നശിപ്പിക്കപ്പെട്ടു; ഭക്തികെട്ട പട്ടണങ്ങൾ ചാരമാക്കപ്പെട്ടു; വിശ്വാസത്യാഗികളായ വ്യാജ ഉപദേഷ്ടാക്കന്മാരും വചനവിരുദ്ധരായ പരിഹാസികളും, തന്റെ ദുഷിച്ച ജീവിതത്തിലുള്ള മനുഷ്യവർഗ്ഗവും എല്ലാം നാശത്തിനായി ന്യായംവിധിക്കപ്പെടും; ആകാശവും ഭൂമിയും എരിഞ്ഞുപോകും; മരിച്ചവരും ഭൂതങ്ങളും ന്യായംധിക്കപ്പെടും; ②അപ്പോൾ പുതിയ ആകാശവും പുതിയ ഭൂമിയും ഒരു പുതിയ പ്രപഞ്ചമായി വരും, അതിൽ ദൈവത്തിന്റെ നീതി നിത്യതയോളം വസിക്കും [1 Pet. 1:2] പിതാവായ ദൈവത്തിന്റെ, മുന്നറിവിനൊത്തവണ്ണം ആത്മാവിന്റ, വിശുദ്ധീകരണത്തിൽ യേശു ക്രിസ്തുവിന്റെ രക്തത്തിന്റെ, അനുസരണത്തിനും തളിക്കലിനും തിരഞ്ഞെടുക്കപ്പെട്ടവർക്ക്: നിങ്ങൾക്കു കൃപയും സമാധാനവും പെരുകുമാറാകട്ടെ. [1 Pet. 2:3] രക്ഷയിങ്കലേക്ക് വളരേണ്ടതിന്, നവജാത ശിശുക്കളെപ്പോലെ വചനത്തിന്റെ കളങ്കമില്ലാത്ത പാലിനായി വാഞ്ഛിക്കുവിൻ. [1 Pet. 2:9] എന്നാൽ നിങ്ങൾ, തിരഞ്ഞെടുക്കപ്പെട്ട ഒരു വംശവും, രാജകീയ പുരോഹിത വർഗവും, വിശുദ്ധ ജാതിയും, അവകാശത്തിനായി സ്വായത്തമാക്കപ്പെട്ട ജനവുമാകുന്നു;. [2 Pet. 3:11-13] അങ്ങനെ ഇവയെല്ലാം അലിഞ്ഞുപോകാനിരിക്കുന്നതിനാൽ, ആകാശം തീയാൽ അലിഞ്ഞുപോകുവാനും, മൂലപദാർഥങ്ങൾ കൊടും ചൂടിനാൽ വെന്ത് ഉരുകിപ്പോകുവാനുമിരിക്കുന്നതു നിമിത്തം, ദൈവത്തിന്റെ നാളിൻ വരവ് പ്രതീക്ഷിച്ചും ത്വരിതപ്പെടുത്തിയുംകൊണ്ട്, നിങ്ങൾ വിശുദ്ധ നടപ്പിലും ദൈവികതയിലും എത്തരത്തിലുള്ള വ്യക്തികളായിരിക്കണം? എന്നാൽ നാം അവന്റെ വാഗ്ദത്തപ്രകാരം നീതി വസിക്കുന്ന, പുതിയ ആകാശവും പുതിയ ഭൂമിയും പ്രതീക്ഷിക്കുന്നു.